DESPATCHED
On 24/1/2020

7.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.302(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.1097/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീമതി ആതിര കെ.ആർ.,
ചെള്ളിക്കാട്ടിൽ വീട്,
പഴുവിൽ വെസ്റ്റ്,
തൃശ്ശൂർ – 680 564. — അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം.
2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ടെക്നിക്കൽ),
ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
ജലസേചനവും ഭരണവും,
തിരുവനന്തപുരം.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 13/10/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/11/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04/12/2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20/01/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 30/01/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 02/02/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/10/2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/10/2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 06/01/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ആതിര കെ.ആർ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി ടിയാളുടെ ചോദ്യത്തിന് അനുസരിച്ചുള്ളതായിരുന്നില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയെങ്കിലും നാളിതുവരെയായിട്ടും ആയതിന്മേൽ മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. പ്രൊമോഷൻ വഴി ഡ്രാഫ്സ്മാൻ ഗ്രേഡ്-1 ആയശേഷം അസിസ്റ്റന്റ് എഞ്ചിനീയറായ എത്ര പേർ നിലവിൽ ഇറിഗേഷൻ വകുപ്പിൽ സർവ്വീസിലുണ്ടെന്നും അവരുടെ പേരുകൾ ലഭ്യമാക്കണമെന്നും

ii. നിലവിൽ ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ആകെയുള്ള sanctioned strength (civil) എത്രയാണെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപൂർണ്ണവും തെറ്റായതുമാണെന്നും പ്രൊമോഷൻ വഴി അസിസ്റ്റന്റ് എഞ്ചിനീയറായവരുടെ പേരു വിവരങ്ങളാണ് 1-ാം ഇനം സംബന്ധിച്ച് ടിയാൾക്ക് നൽകിയിട്ടുള്ളതെന്നും ടിയാൾ ആവശ്യപ്പെട്ടത് ഡ്രാഫ്സ്മാൻ ഗ്രേഡ്-2 ൽ നിന്നും ഗ്രേഡ്-1 ആയി പ്രൊമോഷൻ ലഭിച്ചവർ എത്രയാണെന്നായിരുന്നു എന്നും ആയത് സംബന്ധിച്ച വിവരമാണ് ടിയാൾക്ക് ലഭ്യമാക്കേണ്ടത് എന്നും ഇറിഗേഷൻ വകുപ്പിന്റെ വെബ്സൈറ്റിൽ ഡിപ്ലോമ ക്വോട്ടയിൽ 185 അസിസ്റ്റന്റ് എഞ്ചിനീയർമാരും സർട്ടിഫിക്കറ്റ് ക്വോട്ടയിൽ 62 അസിസ്റ്റന്റ് എഞ്ചിനീയർമാരും ആകെ പ്രൊമോഷൻ വഴി 247 അസിസ്റ്റന്റ് എഞ്ചിനീയർമാരാണ് വേണ്ടത് എന്നും എന്നാൽ ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ 231 പേരാണ് ഉള്ളതെന്നും ആയതിനാൽ മേൽ കാര്യങ്ങൾ വ്യക്തമാക്കി മറുപടി നൽകണമെന്നും മറ്റുമാണ്. രണ്ടാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് വ്യക്തത വരുത്തിയ പ്രകാരം ഒന്നാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടതിനെ തുടർന്ന് സർട്ടിഫിക്കറ്റ് ക്വോട്ടയിൽ ഉൾപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരുവിവരം ഉൾക്കൊള്ളുന്ന പട്ടിക ലഭ്യമാക്കുകയുണ്ടായി എന്നും ആയത് ഹർജിക്കാരിക്ക് നൽകുന്നു എന്നും ശേഷിക്കുന്ന വിവരങ്ങൾ ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് എത്രയും വേഗം നൽകണമെന്നുമാണ്. ആയതുപ്രകാരം ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് 23.2.2018 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ കൂടുതൽ വ്യക്തമാക്കി അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് എതിർകക്ഷി നൽകിയിട്ടുള്ളതായി കാണുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 7-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

RIGHT TO INFORMATION